**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1971** **29-09-2025 - ൽ മറുപടിയ്ക്ക്**

**കല്ലാനോട് ഫിഷ് ഹാച്ചറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കല്ലാനോട് ഫിഷറീസ് ഹാച്ചറി നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമിയാണ് ഇറിഗേഷൻ വകുപ്പ് വിട്ടുനൽകിയത്; ഈ സ്ഥലം പൂർണ്ണമായും ഫിഷ് ഹാച്ചറി നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നബാർഡ് RIDF XXVIII പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലാനോട് ഫിഷറീസ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസന പദ്ധതികൾക്കായി 2.00 ഹെക്ടർ സ്ഥലം ഇറിഗേഷൻ വകുപ്പിൽ നിന്നും ഫിഷറീസ് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. ആയത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. കൈമാറി ലഭ്യമായ 2.00 ഹെക്ടർ സ്ഥലം പൂർണ്ണമായും ഫിഷ് ഹാച്ചറി നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിലും 1.326 ഹെക്ടർ അധിക ഭൂമി കൂടി ആവശ്യമുള്ളതിനാൽ പ്രസ്തുത അധിക ഭൂമി ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കല്ലാനോട് ഫിഷറീസ് ഹാച്ചറിയുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നബാർഡ് RIDF XXVIII പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലാനോട് ഫിഷറീസ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെട്ട 16 വെർട്ടിക്കൽ പോണ്ടുകളുടെ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. 1.326 ഹെക്ടർ ഭൂമി കൂടി അധികമായി നിർമ്മാണ പ്രവൃത്തികൾക്കായി ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് പ്രവൃത്തികളായ സെമി നാച്ചുറൽ പോണ്ട്, ഹാച്ചറി ബിൽഡിംഗ്, റീ സർക്കുലേഷൻ ഷെഡ്, എയറേഷൻ, ഇലക്ട്രിഫിക്കേഷൻ, കോമ്പൗണ്ട് വാൾ ഇന്റേണൽ റോഡ് എന്നീ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ